**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3123** **11-03-2025 - ൽ മറുപടിയ്ക്ക്**

**റെയിൽവേ മേൽപാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ? | (എ) | തിരുവനന്തപുരം ജില്ലയിൽ ആർ.ബി.ഡി.സി.കെ മുഖാന്തരം 11 റെയിൽവേ മേൽപ്പാലങ്ങളും കെ.ആർ.ഡി.സി.എൽ മുഖാന്തിരം ഒരു റെയിൽവേ മേൽപാല നിർമ്മാണ പ്രവൃത്തിയും അണ് നടപ്പിലാക്കുന്നത്. പദ്ധതികളുടെ നിർമ്മാണ പുരോഗതി അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം | പദ്ധതിയുടെ പേര് | നിയോജകമണ്ഡലം | നിർമ്മാണ പുരോഗതി |
|---|---|---|---|
| 1 | ചിറയിൻകീഴ് റെയിൽവേ മേൽപ്പാലം | ചിറയിൻകീഴ് | ചിറയിൻകീഴ് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. |
| 2 | കരമന റെയിൽവേ മേൽപ്പാലം | തിരുവനന്തപുരം | ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. പദ്ധതി റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തിയ തിനു ശേഷം മാത്രമേ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ കൈക്കൊള്ളുവാൻ കഴിയൂ. |
| 3 | ഇടവ റെയിൽവേ മേൽപ്പാലം | വർക്കല | ബഹു. സുപ്രീംകോടതിയിൽ എസ്. എൽ.പി കേസ് നിലനിൽക്കു ന്നതിനാൽ ഭൂമി മുഴുവനും ഏറ്റെടുത്ത് നൽകിയിട്ടില്ല. പദ്ധതിക്കാവശ്യമായ മുഴുവൻ ഭൂമിയും ഏറ്റെടുത്തതിന് ശേഷം മാത്രമേ പദ്ധതി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളുവാൻ കഴിയൂ. |
| 4 | പുന്നമൂട് റെയിൽവേ മേൽപ്പാലം | വർക്കല | പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ പുരോഗമിക്കുന്നു |
| 5 | വെങ്കുളം റെയിൽവേ മേൽപ്പാലം | വർക്കല | പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ പുരോഗമിക്കുന്നു |
| 6 | വെട്ട്റോഡ് റെയിൽവേ മേൽപ്പാലം | കഴക്കൂട്ടം | പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ട നടപടികൾ പുരോഗമിക്കുന്നു |
| 7 | കണിയാപുരം റെയിൽവേ മേൽപ്പാലം | നെടുമങ്ങാട് | റെയിൽവേയിൽ നിന്ന് ഡി പി ആർ തയ്യാറാക്കുന്നതിനായി അനുമതി ലഭിച്ചിട്ടുണ്ട്. ഡി പി ആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്. |
| 8 | ക്ലേ ഗേറ്റ് റെയിൽവേ മേൽപ്പാലം | കഴക്കൂട്ടം | പദ്ധതിയുടെ അലൈൻമെന്റ് റെയിൽവേ അംഗീകരിക്കുന്ന മുറയ്ക്ക് GAD, DPR തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കുവാനാകും. |
| 9 | ശാർക്കര റെയിൽവേ മേൽപ്പാലം | ചിറയിൻകീഴ് | പദ്ധതിയുടെ അലൈൻമെന്റ് റെയിൽവേ അംഗീകരിക്കുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | | | GAD, DPR തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കാനാകും |
| 10 | മഞ്ചാടിമുട് റെയിൽവേ മേൽപ്പാലം | ചിറയിൻകിഴ് | പദ്ധതിയുടെ അലൈൻമെന്റ് റെയിൽവേ അംഗീകരിക്കുന്ന മുറയ്ക്ക് GAD, DPR തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കാനാകും. |
| 11 | ബാലരാമപുരം റെയിൽവേ മേൽപ്പാലം | കോവളം | റെയിൽവേയിൽ നിന്ന് GAD അംഗീകാരം കിട്ടുന്ന മുറയ്ക്ക് DPR തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കാനാകും. |
| 12 | അഴൂർ റെയിൽവേ മേൽപ്പാലം | ചിറയിൻകിഴ് | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. |